പി.എഫ്. ആനുകൂല്യം ലഭ്യമാക്കാൻ നടപടി

54. [2343] ശ്രീ. എം.വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ല തളിപ്പറമ്പ് എ. ഇ. ഒ. യുടെ കീഴിലുള്ള ഇരിങ്ങൽ യു.പി. സ്കൂളിൽ നിന്ന് 1990 മാർച്ച് 31-ന് റിട്ടയർ ചെയ്ത സി.ഒ. ശങ്കരൻ മാസ്റ്റർക്ക് പി.എഫ്. ആനുകൂല്യം ലഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റിട്ടേർഡ് അദ്ധ്യാപകന് ലഭിക്കേണ്ട ആനുകൂല്യം എത്രയും വേഗം ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഷെഡ്യൂളുകൾ തെറ്റെഞ്ഞെടുത്ത് പോസ്റ്റ് ചെയ്തത് കണക്കുകൾ ശരിപ്പെടുത്താൻ വൈകിയതുകൊണ്ടാണ് കാലതാമസം നേരിട്ടത്.

(ബി) 26-3-1991-ൽ ഈ അദ്ധ്യാപകന്റെ പ്രോവിഡന്റ് ഫണ്ട് ആനുകൂല്യത്തിന്റെ സ്ലിപ്പ് അയച്ചുകൊടുത്തിട്ടുണ്ട്.

എറണാകുളം ഗവൺമെന്റ് പ്രസ്സ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

55. [2352] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഗവൺമെന്റ് പ്രസ്സിന്റെ കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേടുപാടുകൾ തീർക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(സി) 200-ഓളം ജീവനക്കാർ ജോലി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന്റെ അപകടസ്ഥിതി കണക്കിലെടുത്ത് അത് പുതുക്കി പണിയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് കേടുപാടുകൾ തീർത്തുവരുന്നു.

(സി) പുതിയ കെട്ടിടം നിർമ്മിച്ച് പ്രസ്സ് മാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly